**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **04-03-2025 - ൽ മറുപടിയ്ക്ക്**

**റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ കൊടുക്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിനായി സർക്കാർ റബ്കോയ്ക്ക് തുക നൽകിയിട്ടുണ്ടോ; | (എ) | റബ്കോയുടെ കണക്ക് പ്രകാരം റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ തുകയൊന്നും കൊടുക്കാനില്ല.<br><br>റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് നൽകുന്നതിനായി സർക്കാർ പ്രത്യേക തുക റബ്കോയ്ക്ക് നൽകിയിട്ടില്ല. |
| (ബി) | ലഭ്യമായ തുക മുഴുവൻ റബ്ബർ ഷീറ്റ് നൽകിയ കർഷകർക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | റബ്കോയുടെ കണക്ക് പ്രകാരം റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ തുകയൊന്നും കൊടുക്കാനില്ല.<br><br>റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് നൽകുന്നതിനായി സർക്കാർ പ്രത്യേക തുക റബ്കോയ്ക്ക് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുതയിനത്തിൽ മീനച്ചൽ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹകരണ സംഘം-K 118 റബ്ബർ ഉല്പാദക സംഘങ്ങൾക്ക് എത്ര തുക നൽകാനുണ്ടെന്ന് അറിയിക്കുമോ; | (സി) | ഷീറ്റ് അഡ്വാൻസ് ഇനത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്ക് 2,32,44,359/-രൂപയും ലാറ്റക്സ് എടുത്ത വകയിൽ സംഘത്തിൽ നിന്ന് 3,46,01,472/ രൂപയും നൽകുവാനുണ്ട്. |
| (ഡി) | റബ്ബർ കർഷകർക്ക് കുടിശ്ശിക തുക യഥാസമയം ലഭിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ